നം: ബി3/42737/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 27.11.2017

## <u>സർക്കുലർ</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ സംഗീത കോളേജുകൾ - സംബന്ധിച്ച്.

***

സംസ്ഥാനത്തെ സർക്കാർ സംഗീത കോളേജുകളായ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജ്, തൃപ്പൂണിത്തുറ ആർ.എൽ.വി.സംഗീത കോളേജ്, പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജ് എന്നിവടങ്ങളിലെ അക്കാഡമികമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആഗ്രഹിക്കുന്നു. ആയതിലേയ്ക്കായി താഴെപ്പറയുന്ന കാര്യങ്ങൾ ഈ കാര്യാലയത്തിൽ അടിയന്തിരമായി എത്തിച്ചു നൽകേണ്ടതാണ്.

1. നിലവിലെ കോഴ്സുകളും ആവശ്യമായ കോഴ്സുകളും.
2. ഓരോ കോഴ്സിലേയും കുട്ടികളുടെ എണ്ണം
3. നിലവിലെ തസ്തികകൾ
4. ആവശ്യമായ തസ്തികകൾ, ആവശ്യമായ അദ്ധ്യാപകർ
5. സർവ്വകലാശാലാ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള തസ്തികകൾ
6. നിലവിലെ അദ്ധ്യാപകരുടെ എണ്ണം

മറുപടി ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ അയച്ചു <u>തരേണ്ടതാണ്.</u> <u>dcetvmbsection@gmail.com</u>

ഒപ്പ്/-,
സീതാലക്ഷ്മി അമ്മ.എ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. എല്ലാ സംഗീത കോളേജ് പ്രിൻസിപ്പാൾമാർക്കും
2. ഡയറക്ടറുടെ സി.എ.യ്ക്ക്
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

1359266

പി.ജി : 29.11. 2017

GOVERNMENT OF KERALA